ഉത്തരം

(എ&ബി) ജനകീയസൂത്രണത്തിന് വേണ്ടി വിദേശസഹായം ലഭിച്ചിട്ടില്ല എന്നാൽ 1995-ൽ നെതർലാന്റ് ഗവൺമെന്റ് അനുവദിച്ച കേരള റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ലെവൽ ഡെവലപ്മെന്റ് എന്ന ഗവേഷണ പ്രോജക്ടിന് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് ധനസഹായം ലഭിച്ചിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിന് രണ്ട് ഘട്ടങ്ങളായി 11.37 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആ പ്രോജക്ടിന്റെ ഭാഗമായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് 325 സൂക്ഷ്മതല പഠന ഗവേഷണങ്ങൾക്കും വ്യക്തികൾക്കും വിവിധ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും പണം നൽകിയിട്ടുണ്ട്. സർവീസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ സാമ്പത്തിക സഹായത്തോടെ കപ്പാസിറ്റി ഡെവലപ്മെന്റ് ഫോർ ഡീസെൻട്രലൈസേഷൻ പ്രോജക്ട് 1999 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ആണ് ഈ പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസി. പ്രോജക്ടിനായി 9 കോടി 53 ആയിരം രൂപയാണ് കിലയ്ക്കു നൽകിയിട്ടുള്ളത്.

(സി) കേരള റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ലെവൽ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുത്ത സൂക്ഷ്മതല പഠന ഗവേഷണ പ്രോജക്ടുകളിൽ 26 എണ്ണം ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പഠന ഗവേഷണങ്ങളാണ്. അവ ഏറ്റെടുത്ത് നടത്തിയ വ്യക്തികളുടെ/സംഘടനകളുടെ പേരുവിവരവും പഠന വിഷയങ്ങളും അനുബന്ധമായി നൽകിയിട്ടുണ്ട്.*

2000-ൽ തിരുവനന്തപുരത്തു വച്ചുനടന്ന അന്തർദ്ദേശീയ സെമിനാർ

112 (4547) ശ്രീ. എൻ. ശക്തൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ.എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ൽ തിരുവനന്തപുരത്തുവച്ച് ജനകീയാസൂത്രണത്തെ സംബന്ധിച്ച് ഒരു അന്തർദ്ദേശീയ സെമിനാർ നടത്തിയിരുന്നുവോ ;

(ബി) ആരുടെ ആഭിമുഖ്യത്തിലാണ് അതു നടത്തപ്പെട്ടത് ;

(സി) ഈ സെമിനാറിന്റെ ഉദ്ദേശ്യമെന്തായിരുന്നു ;

(ഡി) എവിടെനിന്നെല്ലാമുള്ള എത്ര പ്രതിനിധികൾവീതം ഇതിൽ പങ്കെടുത്തു ;

(ഇ) ഈ സെമിനാറിന്റെ ചെലവുകൾ നിർവ്വഹിച്ചത് ആരായിരുന്നു ;

(എഫ്) ഈ സെമിനാർമൂലം സംസ്ഥാനത്തിനും സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഉണ്ടായ അധികനേട്ടങ്ങൾ എന്തെല്ലാമായിരുന്നു ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ സെമിനാറിന്റെ ഉദ്ദേശ്യം, ധനവിനിയോഗം ഇതുമൂലം സംസ്ഥാനത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൽക്കും ലഭിച്ച അധികനേട്ടങ്ങൾ എന്നിവയെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ അതേപ്പറ്റി ഒരു പഠനം നടത്തുമോ ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ആഭിമുഖ്യത്തിലാണ് നടത്തിയത്.

(സി) പ്രാദേശിക ആസൂത്രണത്തിനും നിർവ്വഹണത്തിനും അധികാര വികേന്ദ്രീകരണം കൊണ്ടുണ്ടായ നാലുവർഷത്തെ നേട്ടങ്ങൾ വിലയിരുത്തുക എന്നതായിരുന്നു ഉദ്ദേശ്യം.

(ഡി) വിദേശപ്രതിനിധികൾ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ പ്രതിനിധികൾ, സംസ്ഥാന ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ജനകീയാസൂത്രണ സന്നദ്ധസാങ്കേതിക സമിതി അംഗങ്ങൾ തുടങ്ങിയ 3034 പേർ പങ്കെടുത്തിട്ടുണ്ട്. ഇതിൽ കേരളത്തിൽനിന്നും 2882 പേരും മറ്റു സംസ്ഥാനങ്ങളിൽനിന്ന് 126 പേരും 13 വിദേശരാജ്യങ്ങളിൽനിന്ന് 26 പ്രതിനിധികളും പങ്കെടുത്തു.

(ഇ) ദേശസാൽക്കൃത ബാങ്കുകൾ, ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ , സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (എസ്.ഡി.സി.) എന്നിവയിലൂടെയുള്ള സംഭാവന, പ്രതിനിധികളിൽനിന്നുള്ള രജിസ്ട്രേഷൻ ഫീസ് മുതലായ രീതിലാണ് അന്തർദ്ദേശീയ സമ്മേളനത്തിന്റെ ഫണ്ട് സമാഹരിച്ചത്.

(എഫ്) 1. പ്രാദേശിക ആസൂത്രണത്തിനും നിർവ്വഹണത്തിനും മാതൃകയായി കാണിക്കാവുന്ന ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുവാൻ വികേന്ദ്രീകൃതാസൂത്രണത്തിന് കഴിഞ്ഞു എന്ന് ബോദ്ധ്യപ്പെടുത്താൻ സാധിച്ചു.

2. കേരളത്തിൽ നടന്ന ജനകീയാസൂത്രണത്തിന് സമാന്തരമായി ലോകത്ത് വളരെ ചുരുക്കം അനുഭവങ്ങളെ ഉള്ളൂവെന്ന് വ്യക്തമായി.

3. വികേന്ദ്രീകൃതാസൂത്രണത്തിന്റെ 250-ൽപ്പരം മാതൃകാ വികസന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുവാൻ സാധിച്ചു.

4. സമ്മേളനത്തിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുന്നതിന് ഭരണ പരിഷ്കാരങ്ങൾ നടത്തുന്നതിന് കളമൊരുങ്ങി.

5. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭൗതികനേട്ടങ്ങൾ ക്രോഡീകരിക്കുവാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ട്. വികേന്ദ്രീകൃതാസൂത്രണത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഈ സെമിനാർ അത്യധികം പ്രയോജനപ്പെട്ടു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കേരളത്തിൽ നടന്നിട്ടുള്ള 250-ൽപ്പരം മാതൃകാ വികസനപ്രവർത്തനങ്ങളെ ചിട്ടയായി ഡോക്യുമെന്റ് ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ മാതൃകകളെ കൂടുതൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ പകർത്തുന്നതിന് സെമിനാർ പ്രചോദനമായി. വികേന്ദ്രീകൃതാസൂത്രണത്തെ വ്യവസ്ഥാപിതമാക്കാനുള്ള ഭരണപരിഷ്കാരങ്ങൾ സർക്കാർ നടത്തി. ഇതിന് മറ്റ് രാജ്യങ്ങളുടേയും സംസ്ഥാനങ്ങളുടെയും അനുഭവങ്ങൾ സഹായകമായി. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭൗതികനേട്ടങ്ങൾ ക്രോഡീകരിക്കുന്നതിന് സെമിനാർ പ്രയോജനപ്പെട്ടു.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

സ്വിസ് ഏജൻസിയിൽനിന്ന് ലഭിച്ച തുക 'കില'-ക്ക് നൽകിയ നടപടി

113 (4548) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ സംസ്ഥാനത്തിന് നൽകിയ തുക സംസ്ഥാനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് കൈമാറി കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ;

(സി) ഈ തുക സംസ്ഥാന സർക്കാരിന് കിട്ടിയതും സംസ്ഥാന സർക്കാർ അത് 'കില'-ക്ക് കൊടുത്തതും സംബന്ധിച്ച വിവരം കണക്കുകളിൽ വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ കിട്ടിയതുക ശരിയായരീതിയിൽ അക്കൗണ്ട് ചെയ്യാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഗവൺമെന്റ് ഈ തുക കിലയ്ക്ക് കൊടുത്തത് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.ഡി.സി.-യുടെ സഹായം കിലയ്ക്ക് നേരിട്ടാണ് നൽകിയത്.

(ബി-ഡി) പ്രസക്തമല്ല.

(ഇ) കിട്ടിയ തുക ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

(എഫ്) ഗവൺമെന്റ് കിലയ്ക്ക് തുക കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly